**ചർച്ച**

ശ്രീ. എ.എം. ആരിഫ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അതിശക്തമായി എതിർക്കുന്നു. തിരുവിതാംകൂർ– കൊച്ചി– മലബാർ മേഖലയിൽ തദ്ദേശസ്വയംഭരണ വ്യവസ്ഥ നിലനിന്നിരുന്ന സ്ഥാനത്ത് പഞ്ചായത്ത് സംവിധാനത്തിന് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരാൻ നടപടിയാരംഭിച്ചത് 1960ലാണ്. ബൽവന്ത്റായി മേത്താ കമ്മിറ്റിയുടെയും ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് അദ്ധ്യക്ഷനായ ഭരണപരിഷ്ക്കാര കമ്മിറ്റിയുടെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത്രാജ് ആക്ട് നിർമ്മിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് 1962 ജനുവരി 19–ന് തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് അഥവാ ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പിന്റെ ഭാഗമായി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമവികസനം, സാമൂഹ്യവികസനം എന്നിങ്ങനെയുള്ള കവചകുണ്ഡലങ്ങളെല്ലാം അഴിച്ചെടുത്ത് കരചരണങ്ങളെല്ലാം ഛേദിച്ച് ഒരു പഞ്ചായത്ത് മന്ത്രിയെന്ന നിലയിൽ അങ്ങയെ ഒരു മൂലയിലൊതുക്കിയെന്നുള്ള കാര്യം എല്ലാവർക്കുമറിയാം. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലപോലും അങ്ങേയ്ക്കില്ല. അത് ഗ്രാമവികസനവകുപ്പാണ് പൂർണ്ണമായും കൈകാര്യം ചെയ്യുന്നത്. അതിൽപോലും അങ്ങേയ്ക്ക് ഇടപെടാനുള്ള സ്വാതന്ത്ര്യം വളരെ പരിമിതമാണ്. ജില്ലാപഞ്ചായത്തിന്റെ കാര്യത്തിൽ ആസൂത്രണ സമിതിയെ അട്ടിമറിച്ച് ജില്ലാകളക്ടർ ചെയർമാനായ അപ്പലേറ്റ് അതോറിറ്റി

വരുന്നതോടുകൂടി അതിന്റെയും കഥ ഏതാണ്ട് കഴിഞ്ഞിരിക്കുകയാണ്. ജില്ലാ പഞ്ചായത്തിലും പഞ്ചായത്തിന്റെ സ്വയംഭരണാധികാരം പോകുക യാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ജില്ലാ പഞ്ചാ യത്തിന്റെ മന്ത്രി ഡോ. എം.കെ. മുനീർ തന്നെയാണ്, ഞാനല്ല.

ശ്രീ. എ. എം. ആരിഫ്: ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന സ്കീമുകളെല്ലാം തന്നെ കേന്ദ്രാവിഷ്കൃത പദ്ധതികളാ ണെന്ന് എല്ലാവർക്കുമറിയാം. അതിന്റെയെല്ലാം വകുപ്പ് കൈകാര്യം ചെയ്തത് അങ്ങ് തന്നെയാണ്. ഞാൻ കുറ്റമൊന്നും പറയുന്നില്ല. പഞ്ചായത്തുവകുപ്പുമന്ത്രി എന്ന ഒരു സ്ഥാനം കിട്ടിയതുതന്നെ 68–72 എന്ന നിലയിൽ ഭൂരിപക്ഷം ഗവൺമെന്റിന് വന്നതുകൊണ്ടാണ്. ഇല്ലെ ങ്കിൽ അദ്ദേഹത്തിന് അതുപോലും കിട്ടുമായിരുന്നില്ല. അങ്ങും അങ്ങയെ സ്നേഹിക്കുന്ന ആളുകളും മാറിനിന്നാൽ ഗവൺമെന്റ് ഉണ്ടാകില്ലായെന്ന അവസ്ഥ വന്നതുകൊണ്ടാണ് അതല്ലെങ്കിലും അങ്ങേയ്ക്ക് കരഗതമായത്. ഒരു വെജിറ്റേറിയൻ ഹോട്ടലിൽ കയറി ദോശയ്ക്ക് ഓർഡർ ചെയ്താൽ ചോദിച്ചാലും ഇല്ലെങ്കിലും ഒരു വട കൊണ്ടുവയ്ക്കും. അതുപോലെയാണ് സാമൂഹ്യക്ഷേമ വകുപ്പ് അങ്ങേയ്ക്ക് ലഭിച്ചത് ഉഗ്രപ്രതാപികളുടെ കണ്ണി ലെന്നും ആ വകുപ്പ് പെട്ടില്ല. അല്ലെങ്കിൽ ആ വകുപ്പും കൂടി പോകുമെ ന്നാണ് ഞാൻ പറഞ്ഞുവരുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേ

യ്ക്കൊന്നും പോകുന്നില്ല. അങ്ങ് ചിത്രകാരനും, കലാകാരനും, ഗായകനുമാണ്. അത്യാവശ്യം സാഹിത്യരചനയും ഉണ്ട്. സർവ്വോപരി ഡോക്ടറും, നടനും, സുന്ദരനും, ആരേയും ഭാവഗായകനുമാക്കുന്ന സൗമ്യശീലക്കാരനുമാണ്. പഞ്ചായത്ത് വകുപ്പ് മൂന്നായി വിഭജിച്ചത് നല്ല കാര്യമാണ്. അതുകൊണ്ടാണ് ബഹുമാന്യനായ കെ. സി. ജോസഫ് പഞ്ചായത്ത് വകുപ്പ് വിഭജിച്ചതിൽ ഒരു കുഴപ്പവുമില്ല എന്ന് എല്ലാ ചർച്ചകളിലും ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങേയ്ക്ക് അതേക്കുറിച്ചുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കണം. പഞ്ചായത്ത് വിഭജിച്ചുകൊണ്ട് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി നിങ്ങൾ മൂന്നുപേരും കൂടി ചേർന്നുണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്തുകളിൽ സാധാരണ ഗതിയിൽ നടന്നുവന്ന ഭരണസംവിധാനങ്ങൾ പലതും കോ-ഓർഡിനേഷൻ കമ്മിറ്റി കൂടി അംഗീകരിക്കപ്പെടേണ്ടവയാണ്. പല കാര്യങ്ങളിലും പദ്ധതിനിർവ്വഹത്തിൽ ഉണ്ടാകുന്ന കാലതാമസം വളരെ പ്രസിദ്ധമാണ്. പല പദ്ധതികളും നീണ്ടുപോകുന്നതിന്റെ കാര്യം നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞിട്ടുമുണ്ട്. ഞാൻ എല്ലാം ഉദ്ധരിക്കുന്നില്ല. പദ്ധതിവിഹിതത്തിൽ സേവന-ഉത്പ്പാദന - പശ്ചാത്തല മേഖലയ്ക്ക് പദ്ധതിനിർവ്വഹണത്തിനുള്ള മാനദണ്ഡങ്ങളെല്ലാം മാറ്റി സർവ്വതന്ത്ര സ്വതന്ത്രമാക്കിയെന്നാണ് പറയുന്നത്. മുസ്ലീം ലീഗിന്റെ എം.എൽ.എ. മാർ കൃഷിയെക്കുറിച്ച് വാചാലമാകുന്നുണ്ട്. കവിത പാടുന്നു, ഉദ്ധരിക്കുന്നു, ഉറുദു കവിത പാടുന്നു, മലയാളം കവിത പാടുന്നു, കവിതകളുടെ പ്രളയമാണ്. കൃഷിയിടങ്ങളുടെ

ഹരിതാഭവും പച്ചപ്പും നഷ്ടപ്പെട്ട് കേരളം എങ്ങോട്ടാണ് പോകുന്നതെന്ന് അങ്ങ് ആലോചിക്കണം. അതുകൊണ്ട് ശേഷിക്കുന്ന കൃഷിയെങ്കിലും സംരക്ഷിച്ചെടുക്കാൻ നമുക്ക് സാധിക്കണം. പഞ്ചായത്തിനെ കുറ്റം പറയാൻ പറ്റില്ല. പശ്ചാത്തല മേഖല നോക്കിയാൽ, റോഡുകളുടെ അവസ്ഥ നോക്കിയാൽ അവർ അതിനായിരിക്കും മുൻതൂക്കം നൽകുക. പക്ഷേ കൃഷി ചെയ്യാനുള്ള സാധ്യതകളെ സംബന്ധിച്ച് നാം ആലോചിക്കണം. കൃഷി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഉൽപ്പാദന സേവനമേഖലകളിൽ നിന്നുള്ള വെട്ടിക്കുറവ് കേരളത്തിന്റെ ഇന്ന് അവശേഷിക്കുന്ന സമൃദ്ധിയിൽ പച്ചപ്പ് ഇല്ലാതാക്കുമെന്നുള്ള കാര്യം ഗൗരവപൂർവ്വം കാണണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അധികാരകേന്ദ്രീകരണത്തിലേയ്ക്കാണ് നാം പോകുന്നത്. കളക്ടർമാർ ആസൂത്രണസമിതിക്ക് മേൽ അപ്പലേറ്റ് അതോറിറ്റികളായി വരുന്ന സമിതികളുണ്ടാക്കാൻ പോകുന്നു. അതും വലിയ പ്രശ്നങ്ങളുണ്ടാക്കുകയാണ്. കളക്ടർമാരെന്ന് പറഞ്ഞാൽ 100 കമ്മിറ്റികളുടെ ചെയർമാൻമാരാണ്. 100 ഹീയറിംഗ് നടത്തണം. അതെല്ലാം കഴിഞ്ഞ് കിട്ടുന്ന സമയത്തുവേണം ബാക്കി കാര്യങ്ങൾ ചെയ്യാൻ. ഇതെല്ലാം ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ നിസ്സാരമല്ല. അതുകൊണ്ട് നമ്മുടെ റോഡുകൾ നന്നാക്കണം, പശ്ചാത്തലമേഖലയുടെ വികസനത്തിന് പണമുണ്ടാക്കണം. പക്ഷേ അതിന് പ്രത്യേകമായി പണം അനുവദിക്കുകയും അതിനുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയും വേണം.

എന്തൊക്കെ പറഞ്ഞാലും ഫലത്തിൽ കേന്ദ്രീകരണമാണ് നടക്കുന്നത്. അതുകൊണ്ട് സേവനമേഖലകളിൽ പ്രവർത്തിച്ചിട്ടുള്ള ഔദ്യോഗികതല ങ്ങളിലിരിക്കുന്ന ആളുകളെ ഉപയോഗപ്പെടുത്തി നമ്മുടെ ആസൂത്രണ ത്തിലും പദ്ധതി നിർവ്വഹണത്തിലും കേരളത്തിന്റെ പ്രത്യേകതകൾ കണ ക്കിലെടുത്ത് അവയെല്ലാം എങ്ങനെ ഉപയോഗപ്പെടുത്താനാകുമെന്ന് ഗൗര വപൂർവ്വം പരിശോധിക്കണം. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി കഴിഞ്ഞ ചർച്ചയിൽ ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് കാണണമെങ്കിൽ നിങ്ങൾ റോഡുകളിലേയ്ക്ക് നോക്കൂ എന്നാണ് പറ ഞ്ഞത് നമ്മുടെ റോഡുകൾ ഇന്ന് സഞ്ചാരയോഗ്യമായി കിടക്കുന്നതിന്റെ നേട്ടം ഈ ഗവൺമെന്റിന് അവകാശപ്പെടാൻ സാധിക്കുമോ? ബഹുമാന പ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മോശക്കാരനാണെന്നോ ഭാവനയി ല്ലാത്ത ആളാണെന്നോ ഞാൻ പറയുന്നില്ല. പക്ഷേ അദ്ദേഹം പദ്ധതി നിർ വ്വഹണത്തിന്റെ വോളിയം 1–ൽ വന്നിട്ടുള്ള കാര്യങ്ങൾക്കുതന്നെ എ.എസ് ഇഷ്യൂ ചെയ്ത്, പണം അനുവദിച്ച്, എസ്റ്റിമേറ്റുണ്ടാക്കി, ടെൻഡർ ചെയ്ത് ഇത് നടപടിയായി വരണമെങ്കിൽ എത്ര കാലതാമസമെടുക്കും. എഗ്രി മെന്റ്വച്ച് വർക്ക് പൂർത്തീകരിച്ച് വരണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് ഒന്നര–രണ്ട് കൊല്ലമെടുക്കും. ഇത് എല്ലാവർക്കുമറിയാം. ആരുടെയും കുഴപ്പംകൊണ്ടല്ല. ഇത് ദൈവം തമ്പുരാൻ വിചാരിച്ചാലും രക്ഷപ്പെടു ത്താൻ സാധിക്കില്ല. ഇതാണിപ്പോൾ നമ്മുടെ കേരളത്തിന്റെ സ്ഥിതി. എൽ.ഡി.എഫ് ഭരിച്ചാലും യു.ഡി.എഫ് ഭരിച്ചാലും പ്രധാനപ്പെട്ട

പ്രവൃത്തികൾ നടപ്പിലാക്കി വരണമെങ്കിൽ ഇത്രയും താമസമെടുക്കും. ഈ ഗവൺമെന്റ് വന്നിട്ട് ഒരു കൊല്ലമേ ആയിട്ടുള്ളൂ. ഈ ഒരു കൊല്ല ക്കാലത്തിനകം ഈ റോഡുകളുടെ പേരിൽ ക്രെഡിറ്റടിക്കുക എന്നുപറയു ന്നത്, അദ്ദേഹ അറിയാതെ പറഞ്ഞതാണെന്ന് ഞാൻ വിചാരിക്കുന്നില്ല, കാരണം ശ്രീ. കെ. എം. മാണി കഴിഞ്ഞാൽ ഏറ്റവും സീനിയറാണദ്ദേഹം. ഞങ്ങൾക്ക് റോഡുകൾ നന്നാക്കാൻ  തോന്നിയതെങ്ങനെ എന്ന് ചോദി ച്ചാൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഞങ്ങൾ വിചാരിച്ച വിജയമുണ്ടാ കാതെ വന്നപ്പോൾ, തിരിച്ചടി കിട്ടിയപ്പോൾ, പഞ്ചായത്തുകളിലെ റോഡുക ളെല്ലാം നന്നാക്കാതെ പോയതാണ് കുഴപ്പമായതെന്നുകരുതി മാന്ദ്യവിരുദ്ധ പാക്കേജ്, വൺ ഡേ മെയിന്റനൻസ് അങ്ങനെ 15 കോടി രൂപയുടെ മണ്ഡലാടിസ്ഥാന വികസ പദ്ധതികൾ നടപ്പിലാക്കി.  ശ്രീ. കെ. എം. മാണി 25 കോടി നൽകുമെന്ന് പറഞ്ഞിട്ട് 15 കോടി രൂപയാണ്  നൽകുന്ന ത്. ഞങ്ങൾ നാട്ടിലെ റോഡുകളെല്ലാം നന്നാക്കിയിട്ടതുകൊണ്ട് അതിന്റെ ക്രെഡിറ്റ് നിങ്ങൾക്ക് നേടിയെടുക്കാൻ കഴിഞ്ഞു. അങ്ങനെ കഴിഞ്ഞ ഗവൺമെന്റുണ്ടാക്കിയ നേട്ടം നിങ്ങളുടെ ക്രെഡിറ്റാക്കി പറയുമ്പോഴാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ സുപ്രസിദ്ധ കഥാപാത്രമായ എട്ടുകാലി മമ്മൂഞ്ഞിനെക്കുറിച്ച് എനിക്ക് ഓർമ്മവരുന്നത്.  ഇവിടെ എട്ടുകാലി മമ്മൂ ഞ്ഞ് എന്നത്  മാറ്റി എട്ടുകാലി കുഞ്ഞൂഞ്ഞ് എന്നാക്കാൻ എന്നെ പ്രേരിപ്പി ക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ നേട്ടം ഈ ഗവൺമെന്റിന്റെ നേട്ട മായി മാറ്റുന്നത് ഒരിക്കലും ഭൂഷണമല്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുക

യാണ്. നമ്മുടെ നാട്ടിലെ പഞ്ചായത്ത് റോഡുകൾക്ക് വൺ ഡേ മെയിന്റ നൻസ് കൊടുക്കണ്ടെന്നാണ് ധനകാര്യ വകുപ്പ് പറഞ്ഞിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം നോൺ പ്ലാൻ ഇനത്തിൽ കുറെയധികം യു.ഡി.എഫ് മെമ്പർമാർക്ക് അനുവദിച്ചു കൊടുത്തിരുന്നു. ഞാൻ രേഖ ഉദ്ധരിച്ചാണ് പറയുന്നത്. . . . .(തടസ്സം) എല്ലാവർക്കും കിട്ടിക്കാണും അങ്ങേയ്ക്ക് കിട്ടിയില്ലെങ്കിൽ ചോദിച്ചോളൂ. ഞാൻ പേരൊന്നും പറയുന്നി ല്ല. ചില പ്രഗത്ഭരായ യു.ഡി.എഫ് മെമ്പർമാരുടെ മണ്ഡലങ്ങൾക്ക് നോൺ പ്ലാൻ ഇനത്തിൽ റോഡുകൾ അനുവദിച്ചതിന്റെ പത്രക്കുറിപ്പുക ളെല്ലാം എടുത്ത് അതും കൂടി വച്ച് ഞാൻ കൊടുത്തിട്ടുണ്ട്.. . . (തടസ്സം) . . .എല്ലാവർക്കും കിട്ടിയില്ലെങ്കിലും കിട്ടിയവരൊക്കെയുണ്ട്. അവർ മിണ്ടാ തിരിക്കുന്നുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഏതായാലും അതുപോലുമില്ലാതാവുകയാണ്. റോഡുകളുടെ സ്ഥിതിയെ ക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ മുഖ്യമന്ത്രി അവകാശപ്പെടുന്നത് ഞങ്ങൾ മന്ത്രിമാരുടെ സംഘം ഡൽഹിയിൽപോയി പ്രധാനമന്ത്രിയെയും മന്ത്രിമാ രെയുമെല്ലാം കണ്ടു. അവരെയെല്ലാം പറഞ്ഞ് സമ്മതിപ്പിച്ചു. ഈ ഗവൺമെന്റ് പി.എം.ജി.എസ്.വൈ-യിൽ 8 മീറ്റർ റോഡ് എന്നത് 6 മീറ്റ റാക്കി മാറ്റി. അത് ഞങ്ങളുടെ ഏറ്റവും വലിയ നേട്ടമാണെന്നാണ് അവ കാശപ്പെടുന്നത്. ഞാൻ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഒരു ചോദ്യം ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫിനോട് ചോദിച്ചിരുന്നു. അതുകൊണ്ടാണ് അദ്ദേഹം സഭയിൽ ഉണ്ടാകണമെന്ന് ഞാൻ പറഞ്ഞത്.

19–10–2011–ൽ നക്ഷത്രചിഹ്നമിടാത്ത 4272–ാം നമ്പർ ചോദ്യത്തിൽ പി.എം. ജി.എസ്.വൈ റോഡ് നിർമ്മാണത്തിൽ ഇളവനുവദിച്ച് 6 മീറ്റർ വ്യവസ്ഥ അംഗീകരിച്ച് ആലപ്പുഴ ജില്ലയിൽ എത്ര റോഡ് നിർമ്മിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ എന്ന് ചോദിക്കുകയുണ്ടായി. ഒന്നോ രണ്ടോ കൊല്ലം മുൻപ് പൂർത്തീകരിക്കാത്ത റോഡുകളുടെ ലിസ്റ്റ് തരാൻ പറ്റില്ല 19–10–2011–ൽ പൂർത്തീകരിച്ച റോഡുകളുടെ ലിസ്റ്റ് തന്നെ തരണം. ആ റോഡുകളുടെ ലിസ്റ്റ് ബഹുമാനപ്പെട്ട മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. ആര്യാട് ബ്ലോക്കിൽ തുമ്പോളി തീരദേശ ആലപ്പുഴ അർത്തുങ്കൽ റോഡ്, ആലപ്പുഴ തകിടിവെളി കോളനി എൻ. എച്ച് 47 റോഡ്, കലുച്ചിറ കുറുപ്പൻതറ റോഡ്, തൈക്കാട്ടുശ്ശേരി ബ്ലോക്കിൽ ചുര മൺകായൽ റോഡ്, കണ്ണാടി ജംഗ്ഷൻ പൂച്ചാക്കൽ റോഡ് അങ്ങനെ റോഡുകളുടെ പട്ടിക പറഞ്ഞു. 6 മീറ്റർ എന്നുള്ളത് 4 മീറ്റർ ആക്കാമോയെ ന്ന് ഞാൻ രണ്ടാമത്തെ ചോദ്യം ചോദിച്ചു. അത് പറ്റില്ല. ഇന്ത്യൻ റോഡ് കോൺഗ്രസ് റൂറൽ റോഡ് മാന്വൽ നിഷ്കർഷിക്കുന്ന നിലവാരവും രൂപ കൽപ്പനയും പാലിച്ചാണ് പി.എം.ജി.എസ്.വൈ റോഡുകൾ നിർമ്മിക്കേണ്ട ത്. ആയതിനാൽ 4 മീറ്റർ വീതി എന്ന വ്യവസ്ഥ അംഗീകരിച്ച് പി.എം.ജി. എസ്.വൈ റോഡുകൾ നിർമ്മിക്കാൻ സാങ്കേതികമായി പരിമിതികളുണ്ട്. യഥാർത്ഥത്തിൽ നേട്ടമായി പറയുകയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 8 മീറ്റർ എന്നുള്ള വ്യവസ്ഥ മാറ്റി 6 മീറ്ററാക്കി ചെയ്യിച്ച റോഡുക ളുടെ ലിസ്റ്റ് ശ്രീ. കെ. സി. ജോസഫിനെക്കൊണ്ടുതന്നെ ഞാൻ പറയിപ്പി

ച്ചു. ആ പറയിപ്പിച്ചതിന്റെ രേഖയാണ് ഞാനിവിടെ വായിച്ചത്. അതും ഗവൺമെന്റിന്റെ നേട്ടമായി അവതരിപ്പിക്കുകയെന്നുപറഞ്ഞാൽ എട്ടു കാലി മമ്മൂഞ്ഞ് എട്ടുകാലി കുഞ്ഞൂഞ്ഞ് എന്നൊക്കെ പറയുന്ന രൂപത്തി ലേയ്ക്ക് രൂപപരിണാമം സംഭവിക്കുകയാണ്. സാധാരണ പഞ്ചായത്തുക ളിൽ നിന്നാണ് ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള സ്ഥിതിയെ ന്താണ്? ഭൂമി കൊടുക്കുന്നത് ഗ്രാമസഭകളാണ്. ഗ്രാമസഭകൾക്കുള്ള അധി കാരം മാറ്റി വില്ലേജ് ഓഫീസുകളിൽ ഭൂമിക്കുവേണ്ടിയുള്ള അപേക്ഷയു മായി പോകാനാണ് പറയുന്നത്. അപ്രകാരം ഗുണഭോക്താക്കളെ തെര ഞ്ഞെടുക്കുന്ന സംവിധാനം ജനാധിപത്യപരമാണോ? ഒരു വീട് എന്ന പദ്ധതിതന്നെ അട്ടിമറിച്ചു. അടുത്തതായി കൊണ്ടു വരാൻ പോകുന്നത് സാഫല്യ പദ്ധതിയാണ്. സാഫല്യത്തിന്റെ റിക്രൂട്ടിംഗ് രീതികളെക്കുറിച്ച് വായിച്ചുനോക്കിയപ്പോൾ ഉടനെയൊന്നും അതാർക്കും കിട്ടുമെന്ന് തോന്നുന്നില്ല. ആദർശ ഫ്ളാറ്റ് കുംഭകോണം പോലെയുള്ള ഫ്ളാറ്റ് കുംഭ കോണങ്ങളുടെ പരമ്പര തന്നെ സംഭവിക്കാനിടയുള്ള രീതിയിലാണ് അതിന്റെ റിക്രൂട്ടിംഗ് സംവിധാനം. അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തിന് കിട്ടിയ വകുപ്പിൽ പഞ്ചായത്തിന്റെ അധികാരവും കൂടി റവന്യൂവിന് കൈമാറുക, കളക്ടർമാർ വഴി വില്ലേജ് ഓഫീസ് വഴി പലതും അങ്ങ യിൽനിന്ന് എടുത്ത് മാറ്റുകയാണ്. ഫലത്തിൽ അങ്ങയെ വീണ്ടും വീണ്ടും ചെറുതാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ പഞ്ചായത്തു

കൾക്കുവേണ്ടി നടപ്പിലാക്കുന്ന ഭവന പദ്ധതികളെല്ലാം അട്ടിമറിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. 'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല' എന്നൊക്കെ പാടിയ കവികളുടെ നാട്ടിൽ ഒരു മനുഷ്യന് തല ചായ്ക്കാനിടമുണ്ടാക്കി കൊടുക്കാനുള്ള കർമ്മപദ്ധതിയുടെ ഭാഗമായിട്ടാണ് ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി കൊണ്ടുവന്നത്. ഈ നിയമസഭയിൽ 22-06-2012-ൽ പറഞ്ഞ മറുപടിയിൽ **30-03-2012** വരെ പഞ്ചായത്തുകളിൽ 99665 വീടുകൾ പൂർത്തീകരിക്കുകയും 10162 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുകയും ചെയ്തിട്ടുണ്ടെന്നാണ്.

മി. ചെയർമാൻ: അങ്ങ് ചുരുക്കി പറയണം.

ശ്രീ. എ. എം. ആരിഫ്: അതുപോലെ 44063 പട്ടികജാതി കുടുംബങ്ങൾക്കും 18804 പട്ടിവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകാൻ ബാക്കിയുണ്ട്. അതിനനുസരിച്ച് സർവേ തയ്യാറാക്കിയിട്ടുണ്ട്. ഇതൊക്കെ കൊടുക്കാൻ പറ്റുമോ? ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കിയിരുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് പണം നീക്കി വച്ചിട്ടുണ്ടോ? അതിനൊന്നും പണം വകയിരുത്താതെ എങ്ങനെ ഇത് കൊടുക്കുമെന്നാണ് പറയുന്നത്. വായ്പയെടുത്താൽ പദ്ധതിവിഹിതത്തിൽ നിന്ന് കൊടുക്കുന്ന നിങ്ങളുടെ തുക കൂടാതെ അതിന്റെ പലിശ ഞങ്ങൾ കൊടുത്തുകൊള്ളാമെന്ന് സർക്കാർ ഏറ്റിരുന്നു. അതുപോലും നിങ്ങളുടെ കർമ്മപദ്ധതിയിലില്ല. ഇതാണ് സ്ഥിതി. ഞാൻ ചുരുക്കുകയാണ് അങ്ങ് പങ്കെടുത്ത ഒരു

വാർത്ത കണ്ടു. കുടുംബശ്രീയുടെ മന്ത്രിയാര്? ഉത്തരമെഴുതുന്നവരിൽ മുനീറും എന്ന ഒരു  വാർത്ത ഇന്നലെ നമുക്കെല്ലാവർക്കും കിട്ടിയിരുന്നു. കുടുംബശ്രീയുടെ മന്ത്രി ആരാണെന്ന് ഞാനും  അപ്പോഴാണ് ആലോചിച്ചത്. സത്യത്തിൽ എനിക്കും അറിയില്ലായിരുന്നു. അങ്ങേയ്ക്ക്  ചിലപ്പോൾ സമ്മാനമടിച്ചുകാണും. അങ്ങേയ്ക്കുതന്നെ ഒരു നിശ്ചയവുമില്ല എന്നാണ് എനിക്ക് തോന്നുന്നത്. കുടുംബശ്രീ ഇപ്പോൾ എന്താണ്? നഗരങ്ങളിൽ നഗരശ്രീ, ബ്ളോക്കിൽ ബ്ലോക്ക് ശ്രീ പിന്നെ കുടുംബശ്രീ. യഥാർത്ഥത്തിൽ കുടുംബശ്രീയോട് ആഭിമുഖ്യമുളളയാളാണോ ശ്രീ. കെ. സി. ജോസഫ്? മറുപടി പറയുമ്പോൾ, ചർച്ചയിൽ പങ്കെടുക്കുമ്പോൾ, പ്രസംഗിക്കുമ്പോൾ, വേദികളിലെല്ലാം കുടുംബശ്രീയെക്കുറിച്ച് ഒരു കുത്തുവാക്കെങ്കിലും പറഞ്ഞ് സംസാരിച്ചില്ലെങ്കിൽ അദ്ദേഹത്തനുറക്കം വരില്ല. അങ്ങനെയുള്ള ആൾ ജനശ്രീക്കുവേണ്ടിയും കുടുംബശ്രീക്കുവേണ്ടിയും നിൽക്കുമോ?

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ. എം. ആരിഫ്:</u> അവിടെയും അങ്ങയുടെ നല്ല മുഖശ്രീപോലും ഇല്ലാതാക്കുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഭവനശ്രീയുമില്ലാതായി കുടുംബശ്രീയുമില്ലാതായി. അതുപോലെ അംഗനവാടികൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷനൊന്നും വേണ്ട. 5 ലക്ഷം രൂപ വീതം വച്ച് അംഗനവാടികൾ നിർമ്മിക്കുന്നതിന്  കൊടുക്കാമോ? എന്നാൽ അംഗൻവാടികൾ നന്നാകും. അതിനുപോലും നമുക്ക് കഴി

യുന്നില്ല. അങ്ങ് കൊണ്ടുവരുന്ന പദ്ധതികളിൽ 99 ശതമാനവും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതികളാണ്. (പത്രം ഉയർത്തിക്കാണിച്ചുക്കൊണ്ട് .) ഈ പത്രത്തിലെ നർമ്മവീഥിയിൽ കുഞ്ഞമ്മ ചേച്ചി 'നിർഭയ പദ്ധതി എനിക്ക് ഏറ്റവും രസകരമായ തോന്നിയ കാര്യമാണ്. മോൾ സ്കൂളിൽ നിന്ന് വരുന്നതുവരെ എനിക്ക് ടെൻഷനാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി നിർഭയ പദ്ധതി വന്നത് നീ അറിഞ്ഞില്ലേ' എന്നാണ് കുഞ്ഞമ്മ ചേച്ചി ചോദിക്കുന്നത്. ഇതും വായിച്ചുകൊണ്ട് ആരെങ്കിലും രാത്രികാലങ്ങളിൽ പുറത്തിറങ്ങി നിന്നാലുള്ള സ്ഥിതിയെന്തായിരിക്കും. അതുകൊണ്ട് അങ്ങ് അതിഭാവുകത്വം കാണിക്കരുത്. അങ്ങ് സ്വപ്നം കാണുന്നതിൽ വിരോധ മില്ല. പക്ഷേ ഇതല്ല നമ്മുടെ നാടിന്റെ അവസ്ഥ എന്നോർക്കണം..

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്... 4 മിനിട്ടായി.

<u>ശ്രീ. എ. എം. ആരിഫ്:</u> അങ്ങ് പറയുന്നതുപോലെ കരുതലും കാരു ണ്യവുമൊക്കെ നല്ലതാണ്. അതുപോലെ വികസനവും കരുതലുമാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുഖമുദ്ര.. അദ്ദേഹം ആരെയാണ് കരുതിയിരി ക്കുന്നതെന്ന് നന്നായിട്ടറിയാം. അങ്ങും ആരെയാണ് കരുതിയിരിക്കുന്ന തെന്ന് നന്നായി അറിയാം. രണ്ടുപേർക്കും ഒരു കരുതലുള്ളത് നല്ലതാണ് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. നിങ്ങളുടെ ഭരണത്തിൻകീ ഴിൽ അഭിവൃദ്ധിയിൽ നിന്ന് നാട് പുറകിലോട്ടാണ് പോകുന്നത്. 'അതി

വേഗം പുറകോട്ട്' എന്നതായിരിക്കണം നിങ്ങളുടെ മുദ്രാവാക്യം. അങ്ങനെ തിരുത്തിപ്പറയുന്നതാണ് ഉചിതം എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു;

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ വളരെ ശക്തമായി അനുകൂലിക്കുകയാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ മനുഷ്യകാരുണ്യ പ്രവർത്തനം നടത്തിയ വകുപ്പാണ് ഡോ. എം.കെ. മുനീറിന്റേത്. ഇനി നമ്മുടെ കേരളത്തിൽ ബധിരരും മൂകരും ഉണ്ടാവില്ലെന്ന് പ്രഖ്യാപിച്ച വകുപ്പാണ് സാമൂഹ്യക്ഷേമ വകുപ്പ്. ജനിച്ച കുഞ്ഞുങ്ങൾക്ക് കേൾവി ശക്തി നഷ്ടപ്പെടുകയാണെങ്കിൽ അവർക്ക് കേൾവി ശക്തി കൊടുക്കുവാനുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ സ്കീം ജനിക്കുന്ന കുട്ടികൾക്ക് മുഴുവൻ കൊടുക്കുന്നതിനുള്ള ഒരു പ്രോജക്ടാണ് ഡോ. എം.കെ. മുനീർ ഈ നാടിന് സംഭാവന ചെയ്തത്. ഞാൻ അതിന്റെ ചരിത്രത്തിലേയ്ക്കൊന്നും പോകുന്നില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഏറ്റവും വലിയ മനുഷ്യ കാരുണ്യ ക്ഷേമ പ്രവർത്തനമായി ഞാൻ അതിനെ കാണുന്നു. അതുകൊണ്ട് ഇനി ജനിക്കുന്ന കുട്ടികൾ ആരും കേൾക്കാത്തവരും സംസാരിക്കാത്തവരുമായി ഉണ്ടാകില്ല. ഇനി കേൾക്കുന്നവരും സംസാരിക്കുന്നവരും മാത്രമേ നമ്മുടെ കേരളത്തിൽ ഉണ്ടാകൂവെന്നുള്ള നല്ല കാര്യം ചെയ്ത സർക്കാരിനെ അഭിനന്ദിക്കാതെയും ഈ ധനാഭ്യർത്ഥനകളെ പിന്തുണക്കാതെയുമിരിക്കാൻ കഴിയില്ല. എനിക്ക് ബഹുമാനപ്പെട്ട എം. കെ. മുനീറിനോടും അതുപോലെ മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത് ഈ കോക്ലിയർ ഇംപ്ലാന്റേഷനും കുറച്ച് കണ്ണടകളും പ്രതിപക്ഷ എം.എൽ.എ. മാർക്കും പ്രതിപക്ഷ നേതാക്കന്മാർക്കും കൊടുക്കണം. കേരളത്തിൽ നടക്കുന്ന ഒരു വികസന പ്രവർത്തനങ്ങളും അവർ കാണുന്നില്ല, കേൾക്കുന്നില്ല, മനസ്സിലാക്കുന്നി

ല്ല, അതിനെക്കുറിച്ച് പറയുന്നുമില്ല. അതുകൊണ്ട് ഏറ്റവും അത്യാവശ്യം ഇവർക്കാണ്. പ്രത്യേകിച്ച് ശ്രീ. ഇ.പി. ജയരാജൻ ഉൾപ്പെടെയുള്ള ജയരാജന്മാർക്കാണ് കോക്ലിയർ ഇംപ്ലാന്റേഷൻ അത്യാവശ്യമായി കൊടുക്കേണ്ടത്. ഇതെല്ലാം കാണണം, കേൾക്കണം. ഈ കാര്യങ്ങളിൽ അഭിപ്രായങ്ങൾ പറയണം. ആദ്യമായി കൊടുക്കേണ്ടത് ശ്രീ. എ. എം. ആരിഫിനാണ്. അദ്ദേഹം ഇതൊന്നും കണ്ടതുമില്ല, കേട്ടതുമില്ല, മനസ്സിലാക്കിയതുമില്ല. ശ്രീ. എ.എം. ആരിഫ് പറഞ്ഞ ഒരു കാര്യം ഞാൻ അടിവരയിട്ട് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാൻ ആഗ്രഹിക്കുന്നു. കുട്ടികളുടേയും അമ്മമാരുടേയും സങ്കേതമാണ് അംഗൻവാടികൾ. ആ അംഗൻവാടികൾ പല സ്ഥലങ്ങളിലും ശോചനീയാവസ്ഥയിലാണ്. ചില സ്ഥലങ്ങളിൽ തൊഴുത്തിന് തുല്യമാണ്, മറ്റു ചില സ്ഥലങ്ങളിൽ തൊഴുത്തിലാണ്. തൊഴുത്തിലിൽനിന്ന് മാടുകളെ അഴിച്ചിറക്കി അവിടെ കഴുകിവൃത്തിയാക്കി ടാർപോളിനിട്ട് അംഗൻവാടി നടത്തുന്നുണ്ട്. അത്തരം അംഗൻവാടികൾ നമ്മുടെ തീരപ്രദേശങ്ങളിൽ കാണാൻ കഴിയും. അതിനൊരു പദ്ധതി കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നു. ഏകദേശം 15000-ത്തോളം അംഗൻവാടികൾക്ക് പുതിയ കെട്ടിടം ഉണ്ടാക്കുന്നതിന് 28 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. അതിൽ ചിലതെല്ലാം നടന്നു. പിന്നെ നടന്നിട്ടില്ല. ആ പണം ഇനിയും ബാക്കിയുണ്ട്. അതുപോലെ ഏതെങ്കിലും സ്കീം കൊണ്ടുവന്ന് പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ, ദരിദ്രവിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികളും അവരുടെ അമ്മ

മാരും ഉപയോഗിക്കുന്ന അവരുടെ സങ്കേതം, സെക്രട്ടേറിയറ്റായ നമ്മുടെ അംഗൻവാടികളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. ഗ്രാമഭരണമാണ് യഥാർത്ഥത്തിൽ ഡോ. എം.കെ. മുനീറിന്റെ വകുപ്പ്. നഗരഭരണവും വികസനവകുപ്പും വേറെയാണ്. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന 1987 മുതൽ ഗ്രാമഭരണത്തെ നീരാളിപ്പിടുത്തം പിടിച്ചിരിക്കുന്നത് ശാസ്ത്ര സാഹിത്യ പരിഷത്താണ്. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് ഇവർ ഓടിക്കയറിയത് സാക്ഷരതയുമായാണ്. പിന്നീട് അവർ വന്നത് ജനകീയാസൂത്രണവുമായി ട്ടാണ്. ഇപ്പോൾ അവർ കുടുംബശ്രീയിലാണ് കയറിയിരിക്കുന്നത്. ഇതിൽ നിന്ന് ഇറക്കിവിടണം. അല്ലെങ്കിൽ കുടുംബശ്രീയുടെ ഗതിമാറ്റും. ശാസ്ത്ര സാഹിത്യ പരിഷത്ത് പഞ്ചായത്ത് ഭരണത്തിൽ വന്നതുകൊണ്ടാണ് പഞ്ചാ യത്തിലെ ഒരു ടാഗ് വികസന പ്രവർത്തനത്തിൽ വീണത്. അവരാണ് sectoral allocation കണ്ടുപിടിച്ച് കൊണ്ടുവന്നത്. പൈസ ഒന്നും ചെലവ ഴിക്കാൻ പറ്റില്ല. ഓരോ പഞ്ചായത്തിനും ഓരോ സ്വഭാവമാണ്. സ്വതസിദ്ധ മായ പ്രകൃതി സമ്പത്തുള്ള സ്ഥലങ്ങളാണ്. അവിടെ വികസനത്തിനും സേവനത്തിനും ഇത്ര രൂപയേ ചെവഴിക്കാൻ പറ്റുള്ളുവെന്ന് ടൈറ്റ് ചെയ്ത് ടൈറ്റാക്കി കെട്ടി കയ്യിൽ കൊടുത്താൽ ചെയ്യാൻ പറ്റുമോ? ഡോ. എം.കെ മുനീർ ചെയ്തത്, അതെടുത്ത് അൺടൈഡ് ഫണ്ടായി കൊടു ത്തിരിക്കുകയാണ്. ജനങ്ങൾ തെരഞ്ഞെടുക്കപ്പെടുന്ന സഭയാണ് പഞ്ചാ യത്ത് കമ്മിറ്റി. ജനങ്ങളുടെ പ്രതിനിധികളാണ് അവിടെ വരുന്നത്.

അതിനെ പരിശോധിക്കാൻ ഗ്രാമസഭകളുണ്ട്. ഗ്രാമസഭകളും പഞ്ചായത്തുകളും കൂടി ചേരുമ്പോഴാണ് ഗ്രാമഭരണമാകുന്നത്. എവിടെയൊക്കെ റോഡ്, പാലം, പള്ളിക്കൂടം, പണിശാല, കൃഷിയിടം എന്നിവ വേണമെന്നൊക്ക തീരുമാനിക്കുന്നത് പഞ്ചായത്ത് കമ്മിറ്റിയാണ്. അല്ലാതെ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സ്റ്റേറ്റ് കമ്മിറ്റിയിലല്ല തീരുമാനിക്കുന്നത്. ഞാൻ മുനിസിപ്പൽ കൗൺസിലറായിരുന്ന സമയത്ത് എല്ലാ മുനിസിപ്പാലിറ്റികളിലും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഒരു ഏജന്റ് വരും. വികസന പ്രവർത്തനങ്ങളുടെ നേതൃത്വം നൽകുന്ന ഒരു നോഡൽ ഏജന്റ് ആണെന്നു പറഞ്ഞാണ് അദ്ദേഹം വരുന്നത്. ഞാൻ പ്ലാനിംഗ് കമ്മിറ്റി അംഗമായിരുന്നു. ആ പ്ലാനിംഗ് കമ്മിറ്റിയിലും ശാസ്ത്ര-സാഹിത്യ പരിഷത്തിന്റെ ഒരാളുണ്ട്. ഇപ്പോൾ കുടുംബശ്രീയിലും ജഗജീവൻ എന്നൊരാൾ ഇരിപ്പുണ്ട്. ഈ കുടുംബശ്രീയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് അവരാണ്. അതുകൊണ്ട് പഞ്ചായത്ത് ഭരണത്തിൽ നിന്നും സാങ്കേതിക കമ്മിറ്റികളെ ഒഴിവാക്കി അതിനുപകരം അതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും പഞ്ചായത്ത് കമ്മിറ്റിക്കും നൽകിയതുപോലെ കുടുംബശ്രീയ്ക്കകത്ത് കുടിയേറിയിരിക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്തെന്ന് പറയുന്ന ദുർഭൂതത്തെ അതിൽ നിന്ന് ഇറക്കിവിട്ട് കുടുംബശ്രീയെ സ്വതന്ത്രമാക്കുകയും സംശുദ്ധമാക്കുകയും നമ്മുടെ നാട്ടിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കും കുടുംബങ്ങളുടെ സാമൂഹ്യ ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കാനുമുള്ള ഒരു സേതുബന്ധമായി ഉപയോഗിക്കാൻ കഴിയുന്ന കുടും

ബശ്രീയെ മോചിപ്പിക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ വയ്ക്കുവാനുള്ളത്. ഞാൻ ദീർഘമായി കടന്നുപോകുന്നില്ല. വനം വകുപ്പിലെ ഒന്ന്, രണ്ട് കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഞാൻ കൂടുതൽ സമയം എടുക്കാൻ ഉദ്ദേശിക്കുന്നില്ല. വനം എന്റെ നിയോജകമണ്ഡലത്തിൽ ഇല്ല. പക്ഷേ, ചെറിയ വനങ്ങൾ ഈയിടെയായി ഉണ്ടാകുന്നുണ്ട്. അത് അക്കേഷ്യ വനങ്ങളാണ്. എവിടെ നോക്കിയാലും അക്കേഷ്യ വനങ്ങളാണ്. ഇത് ചില ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ചിലർക്ക് അക്കേഷ്യയുടെ ഗന്ധം ശ്വസിച്ച് ശ്വാസംമുട്ടും ആസ്ത്മയും ഉണ്ടാകുന്നുണ്ട്. ചില സ്ഥലങ്ങളിൽ വെള്ളം ഊറ്റിയെടുക്കുന്നുണ്ട്. ഈ അക്കേഷ്യ മരം കൊണ്ട് എന്റെ നാട്ടിൽ നിൽക്കാൻ വയ്യാത്ത സ്ഥിതിയാണ്. കുടിവെള്ളം വരെ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമുണ്ട്. അക്കേഷ്യയുടെ സ്ഥാനത്ത് ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് വനം വകുപ്പ് രൂപം നൽകുമോ? ദേശീയ പാതയുടെ ഇരുവശത്തും യൂണിവേഴ്സിറ്റി ക്യാമ്പസ്സിനകത്തും അക്കേഷ്യയാണ്. വ്യവസായ പാർക്കുകളിൽ പലേടത്തും അക്കേഷ്യയാണ്. റോഡ് പുറമ്പോക്ക് മുഴുവൻ അക്കേഷ്യകൊണ്ട് നിറച്ചിരിക്കുകയാണ്. ഇതിനുപകരം പ്ലാവ്, മാവ്, പുളി, കശുവണ്ടി തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുവാൻ തയ്യാറാകണം. സാമൂഹ്യ വനവൽക്കരണത്തിന് കിട്ടുന്ന കോടിക്കണക്കിന് രൂപ പാഴായിപ്പോവുകയാണ്. പലപ്പോഴും അത് അർത്ഥവത്തായി ഉപയോഗിക്കാൻ കഴിയാതെ ഉപയോഗശൂന്യമായി പോകുന്ന

ഒരു ഫണ്ടായി സോഷ്യൽ ഫോറസ്ട്രിയുടെ സാമൂഹ്യ വനവൽക്കരണ ഫണ്ട് മാറിക്കൊണ്ടിരിക്കുന്ന കാലമാണ്. ആർക്കെങ്കിലും പ്രയോജനപ്പെടുന്ന പദ്ധതിയായി ഈ പദ്ധതിയെ മാറ്റുവാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഒന്നുകൂടി പഞ്ചായത്ത് ഭരണത്തിലേയ്ക്ക് വരികയാണ്. മുൻപഞ്ചായത്ത് മെമ്പർമാരുടെ സ്ഥിതി വളരെ കഷ്ടത്തിലാണ്. ഞാൻ അത് ഇന്നലെ സഭയിൽ പറഞ്ഞതാണ്. ഇന്ന് അതിനെക്കുറിച്ച് ഒരു പ്രഖ്യാപനമുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്.. പതിനാറായിരത്തോളം മെമ്പർമാരുണ്ടെന്നാണ് പറയുന്നത്. എല്ലാവർക്കും പെൻഷൻ കൊടുക്കേണ്ട കാര്യമില്ല. പതിനാറായിരത്തോളം മെമ്പർമാരിൽ ഭൂരിപക്ഷവും ഏതെങ്കിലും പെൻഷന് അർഹതപ്പെട്ടവരാണ്. ഒരു പെൻഷനും കിട്ടാതെ മരുന്നുവാങ്ങാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്ന ധാരാളം മുൻ പഞ്ചായത്ത് മെമ്പർമാരെ എനിക്കറിയാം. ഡയോലിൻ ഗുളിക വാങ്ങാൻ ഞാൻ നേരിട്ട് പൈസ കൊടുക്കുന്ന പഞ്ചായത്ത് മെമ്പർമാരുണ്ട്. തിരുവനന്തപുരം നഗരത്തിലെ ആർ.സി. ദാസ് എന്നു പറയുന്ന ഒരു കൗൺസിലർ, അദ്ദേഹം കല്യാണം കഴിച്ചിട്ടില്ല. കുടുംബമില്ലാതെ ആരോരുമില്ലാതെ അവസാനം അനാഥമായി റോഡുപുറമ്പോക്കിൽ കിടന്ന് മരണപ്പെട്ട സംഭവമുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം നമ്മുടെ മുൻ പഞ്ചായത്ത് മെമ്പർമാർക്കുണ്ട്. അവരെല്ലാം ജനപ്രതിനിധികളാണ്. അവരെല്ലാം നാടിനുവേണ്ടിയും ഗ്രാമത്തിനുവേണ്ടിയും സ്തുത്യർഹമായ സേവനം ചെയ്തവരാണ്. അവർ തെര

ഞ്ഞെടുക്കപ്പെട്ട് വന്നസമയത്ത് അഴിമതി കാണിക്കാതെ സത്ഭരണത്തിനു വേണ്ടി നിന്നവരാണ്. അവരുടെ കാര്യത്തിൽ ഒരു പ്രഖ്യാപനം ഇന്നു ണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതിന് തയ്യാറാകണം. അതിന് ഒരുപാട് ഫണ്ട് ഒന്നും നഷ്ടം വരില്ല. എല്ലാ പഞ്ചായത്തുകളും സ്വന്തമായി കരം പിരിക്കുന്നവയാണ്. എന്നാൽ ഇപ്പോൾ പഞ്ചായത്തുകൾ കരം പിരിക്കുന്ന കാര്യത്തിൽ പുറകിലോട്ടാണ്. പ്ലാൻ ഫണ്ട് വന്നു തുട ങ്ങിയപ്പോൾ അത് ചെലവാക്കാനുള്ള തത്രപ്പാടിൽ സ്വന്തമായി കിട്ടേണ്ട കരം പൂർണ്ണമായി പിരിക്കാത്ത പഞ്ചായത്തുകളും മുനിസിപ്പാലിറ്റിക ളുമാണ് പലതും. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഈ കരം കൃത്യമായി പിരിച്ചിരുന്നുവെങ്കിൽ ആവശ്യത്തിൽ കൂടുതൽ ഓൺഫണ്ട് പഞ്ചായത്തുകളിൽ വരുമായിരുന്നു. മാത്രമല്ല വീട്ടുകരം വർദ്ധിപ്പിക്കാൻ പോകുന്നു. വീട്ടുകരവും മറ്റുകരങ്ങളും വർദ്ധിപ്പിക്കുന്നതോടുകൂടി പഞ്ചായത്തിനും മുനിസിപ്പാലിറ്റികൾക്കും ധാരാളം ഫണ്ട് വരാൻ സാധ്യ തയുണ്ട്. അങ്ങനെ ഫണ്ട് ലഭ്യമാകാൻ സാധ്യതയുള്ള സാഹചര്യത്തി ലെങ്കിലും പാവപ്പെട്ട മുൻ പഞ്ചായത്ത് മെമ്പർമാരുടേയും മുൻ മുനിസി പ്പൽ കൗൺസിലർമാരുടേയും യാതനയും വേദനയും ഈ സർക്കാർ അറിയണം.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: അങ്ങ് ഗ്രാമപഞ്ചായത്ത് മെമ്പർമാ ർക്കും മുനിസിപ്പൽ കൗൺസിലർമാർക്കും പെൻഷൻ കൊടുക്കുന്നതിനെ

ക്കുറിച്ചാണ് പറഞ്ഞത്. അപ്പോൾ ബ്ലോക്ക് പഞ്ചായത്തിലേയും ജില്ലാ പഞ്ചായത്തിലേയും മെമ്പർമാർ എന്തുചെയ്യും

ശ്രീ. എം. എ. വാഹീദ്: സർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും ജില്ലാ പഞ്ചായത്ത് മെമ്പർമാരും ഗ്രാമപഞ്ചായത്തിലുള്ളവരാണ്. അവർക്കുകൂടി ഗ്രാമപഞ്ചായത്തിൽ നിന്ന് പെൻഷൻ കൊടുക്കാൻ വലിയ ബുദ്ധിമുട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരെക്കാളും ജില്ലാപഞ്ചായത്ത് മെമ്പർമാരെക്കാളും ഗ്രാമപഞ്ചായത്ത് മെമ്പർമാരാണ് എണ്ണത്തിൽ കൂടുതൽ. ഒരുപഞ്ചായത്തിൽ കൂടിവന്നാൽ മൂന്ന് ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും ഒരു ജില്ലാ പഞ്ചായത്ത് മെമ്പറും കാണും. 15 പഞ്ചായത്തുണ്ടെങ്കിൽ 19 മെമ്പർമാരേ കാണുകയുള്ളു. അതിൽതന്നെ പലരും ടീച്ചർമാരും ഉദ്യോഗത്തിൽ നിന്ന് റിട്ടയർ ചെയ്തവരുമായിരിക്കും. അവർക്കൊക്കെ മറ്റ് പെൻഷനുകളുണ്ട്. ഒരാനുകൂല്യവുമില്ലാത്ത നിരപരാധികളും നിർദ്ദോഷികളുമായ ധാരാളം പഞ്ചായത്ത് മെമ്പർമാരും മുനിസിപ്പൽ കൗൺസിലർമാരും നരകയാതന അനുഭവിക്കുന്നു. അതിൽ നിന്ന് അവരെ മോചിപ്പിക്കാൻ ഒരു പെൻഷൻ സ്കീം കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് നിറുത്തുന്നു.

.

ശ്രീമതി. ഇ. എസ്. ബിജിമോൾ: സർ, 2012–2013 സാമ്പത്തിക വർഷത്തേക്കുള്ള വനം, പഞ്ചായത്ത്, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ വനം വകുപ്പുമന്ത്രി, മന്ത്രി ആയതിനുശേഷം സിനിമയ്ക്കാണ് അദ്ദേഹം ഏറ്റവുമധികം പ്രാധാന്യം കൊടുക്കുന്നതെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇപ്പോൾ അവസാനം ഇറങ്ങിയ 'സ്പിരിറ്റ്' എന്ന സിനിമ ഹിറ്റായി. നമ്മളെല്ലാം കാണുകയും ചെയ്തു. അദ്ദേഹത്തിന്റെ വകുപ്പ് പറയുന്നതു തന്നെ വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി എന്നാണെങ്കിൽപ്പോലും വനത്തോട് വനം വകുപ്പുമന്ത്രി എടുക്കുന്ന സമീപനം കാണുമ്പോൾ ഒരു ചിറ്റമ്മനയമാണോ എന്ന് പലപ്പോഴും തോന്നാറുണ്ട്. ചൂടുവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കുമെന്ന് പറഞ്ഞതുപോലെ വനം വകുപ്പുമന്ത്രിക്ക് വനം ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഒരു ദുരനുഭവം ഉണ്ടായികാണുമായിരിക്കാം. വനം ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നുണ്ടായ ദുരനുഭവമാണ് മന്ത്രിയെ അവരോട് തട്ടിക്കയറിയുള്ള സമീപനമെടുക്കാൻ പ്രേരിപ്പിക്കുന്നത്. വനം ഉദ്യോഗസ്ഥൻമാരെ നിലംപരിശാക്കി അവസാനിപ്പിക്കുന്ന ഒരു കാഴ്ച പലപ്പോഴും കണ്ടുനിൽക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. വനം വകുപ്പ് ജീവനക്കാരെല്ലാവരും നല്ല ആൾക്കാരാണെന്ന അഭിപ്രായമൊന്നുമില്ല. വനം വകുപ്പുമന്ത്രി ഇന്ന് അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾതന്നെ അത് വ്യക്തമായി പറഞ്ഞതാണ്. രണ്ട് ഉദ്യോഗസ്ഥൻമാരെ

സസ്പെൻഡ് ചെയ്തതടക്കം അവരുടെ സമീപനമടക്കമുള്ള കാര്യങ്ങൾ പറഞ്ഞു. ഇതിനകത്ത് നല്ലവരുമുണ്ട് മോശക്കാരുമുണ്ട്. എല്ലാ ഉദ്യോഗസ്ഥരും നല്ലവരാണെന്ന അഭിപ്രായമില്ല. എന്നാൽ മുഴുവൻ ഉദ്യോഗസ്ഥരും മോശക്കാരാണെന്നുള്ള അഭിപ്രായവും എന്നെ സംബന്ധിച്ചിടത്തോളമില്ല. ഉദ്യോഗസ്ഥരുടെ ആത്മാർത്ഥത വനംവകുപ്പിൽ കുറയുന്നു എന്നുള്ളത് വനം വകുപ്പുമന്ത്രി മറന്നുപോകരുത്. അങ്ങയോട് മാത്രമല്ല ഈ നാടിനോടുള്ള അവരുടെ ആത്മാർത്ഥതയും പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് വനം വകുപ്പ് ജീവനക്കാരായ ഉദ്യോഗസ്ഥർ അവർ ഏത് തലത്തിലുള്ള ആളുകളായാലും അവരെക്കൂടി വിശ്വാസത്തിലെടുത്ത് ഒരു പ്രവർത്തനത്തിന് നേതൃത്വം നൽകണമെന്ന ഒരഭ്യർത്ഥനയാണ് ഈ അവസരത്തിൽ വയ്ക്കുവാനുള്ളത്. അങ്ങ് ലോകപരിചയമുള്ള ആളാണ്, മന്ത്രിയാണ്. ഭീരുവല്ല. ഇന്നൊവേറ്റീവ് ഐഡിയാസ് അങ്ങേയ്ക്ക് ധാരാളമായിട്ടുണ്ട്. ഈ ഇന്നൊവേറ്റീവ് ഐഡിയാസ് ഇംപ്ലിമെന്റ് ചെയ്യണമെങ്കിൽ ഉദ്യോഗസ്ഥൻമാരുടെ സഹായം കൂടിയേതീരൂ. ഒറ്റയ്ക്ക് ഒരു മന്ത്രി എന്നുള്ള നിലയിൽ അങ്ങേയ്ക്ക് ഒന്നും ചെയ്യാൻ കഴിയില്ല. അവരെക്കൂടി വിശ്വാസത്തിലെടുക്കുന്നു എന്ന ബോധ്യമുണ്ടെങ്കിൽ മാത്രമേ അവരുടെ സേവനം അങ്ങേയ്ക്ക് ഉറപ്പാക്കാൻ കഴിയുകയുള്ളൂ. ഈ നിയമസഭയിൽ മുൻകാലങ്ങളിൽ നടന്നിട്ടുള്ള ഡിമാൻഡ് ചർച്ചകൾ പരിശോധിച്ചാൽ വനം ഏതെങ്കിലും ഒരു ഡിമാൻഡിന്റെ ഭാഗമായി വന്നിട്ടുണ്ടോ എന്ന് മനസ്സിലാക്കാം. പത്തോ പതിനെട്ടോ മെമ്പർമാർ

ചർച്ചയിൽ പങ്കെടുത്താൽ ആ ചർച്ചയിൽ. വനവുമായി ബന്ധപ്പെട്ട പ്രശ്ന ങ്ങൾ ഉന്നയിക്കുന്നവരുടെ എണ്ണം വളരെ കുറവായിരിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് ഒന്നാം വർഷത്തിൽ ഇത്തരം അനുഭ വങ്ങൾ ഉണ്ടായി. വനം വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട പരാമർശ ങ്ങൾപോലുമില്ലാതെ ഡിമാൻഡ് ചർച്ചകൾ അവസാനിച്ച ദിവസങ്ങൾ വ രെയുണ്ടായിരുന്നു. ആരെങ്കിലും ഒന്നോ രണ്ടോ പേർ ചർച്ചയുടെ ഭാഗ മായി പങ്കെടുത്താലായി. പലപ്പോഴും അത്തരം പരാമർശങ്ങൾ പോലും വരാറില്ല. എന്നാൽ ഏതാണ്ട് ഒരു വർഷം കഴിഞ്ഞ് വന്നിട്ടുള്ള ഡിമാൻഡുകളിലൊക്കെ ഇതാവർത്തിച്ച് ചർച്ച ചെയ്യപ്പെടുകയും വനം ഒരു പ്രധാന ഡിമാൻഡായി നിയമസഭയിൽ ഉയരുകയും ചെയ്യുന്ന സാഹ ചര്യമുണ്ടായി. അതിന്റെ കാരണം, കഴിഞ്ഞ ഗവൺമെന്റിലെ വനം വകു പ്പുമന്ത്രിയായ ശ്രീ. ബിനോയ് വിശ്വം ഒട്ടനവധി പദ്ധതികൾ കൊണ്ടുവന്നി ട്ടുണ്ട്. വഴിയോര തണൽ. നമ്മുടെ മരം, എന്റെ മരം, തീരവനം, കണ്ടൽക്കാട് തുടങ്ങിയ ധാരാളം പദ്ധതികൾ അദ്ദേഹം കൊണ്ടുവന്നു. അത് വിജയിച്ചോ പരാജയപ്പെട്ടോ എന്നുള്ളതിനപ്പുറത്ത് അദ്ദേഹം ഈ സമൂഹത്തിന് നൽകിയ വലിയ ഒരു സന്ദേശമുണ്ട്. ആ സന്ദേശം വർഷ ങ്ങൾക്കുമുമ്പ് അശോകചക്രവർത്തി പറഞ്ഞ കാര്യമാണ്. “ഞാൻ രാജ വീഥിയിൽ മരം നട്ടുപിടിപ്പിക്കുന്നത് മരങ്ങളുടെ എണ്ണം കൂട്ടാനോ തടിക ളുടെ ലാഭക്കണക്കോ ഓർത്തിട്ടല്ല, സസ്യകുലത്തിന്റെ അനുഗ്രഹമോ പ്രകൃതിഭംഗിയോ വിചാരിച്ചിട്ടുമല്ല. ഈ വീഥിയിൽ നിൽക്കുന്ന ഒരോ

തൈച്ചെടികളിലും ജലമൊഴിച്ച് നനയ്ക്കുന്നത് അവ എന്റെ പ്രജകൾക്ക് നൽകുന്ന തണലാണ്. അവയുടെ പ്രാഥമിക കർത്തവ്യം. ബാക്കി യെല്ലാം പിന്നീടെ വരൂ.'' ഇത് അശോകചക്രവർത്തി പണ്ടുപറഞ്ഞ കാര്യം രേഖപ്പെടുത്തിവച്ചിട്ടുള്ളതാണ്. അത്തരം ഒരു ചിന്ത ആളുകളുടെ മനസ്സിലേയ്ക്ക് കൊണ്ടുവരാൻ അങ്ങയുടെ ഈ ഭരണകാലത്ത് കഴിഞ്ഞി ല്ല. എന്റെ മരം, നമ്മുടെ മരം എന്നൊക്കെ നമ്മൾ ആവർത്തിച്ച് പറ ഞ്ഞതും പരിഹസിച്ചും ഗുണമായും ദോഷമായുമൊക്കെ ഈ സഭയ്ക്കു ള്ളിൽ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്നില്ല. എല്ലാ പദ്ധതികളും 100 ശതമാനവും വിജയമാണെന്ന അവകാശമില്ല. പക്ഷെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ നടന്നുകൊണ്ടിരുന്ന ശക്ത മായ ബോധവത്ക്കരണപരിപാടി ആളുകളുടെ മനസ്സിൽ നിന്ന് നഷ്ടപ്പെട്ടു പോകുന്ന സാഹചര്യമുണ്ട്. ഈ ഭൂമിയുടെയും ഇതിലെ ജീവജാലകങ്ങ ളുടേയും നിലനിൽപ്പിന് വനം അനിവാര്യമാണ് എന്നൊരു സന്ദേശം നമുക്ക് നൽകുവാൻ കഴിയണം. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നട ത്തിയ പരാമർശത്തിൽപോലും അടിയന്തരപ്രമേയത്തിൽ അദ്ദേഹം ഇട പെട്ട് സംസാരിച്ചപ്പോഴും അത്തരം ഒരു സന്ദേശം നൽകുന്നതിന് മുഖ്യമ ന്ത്രിപോലും ശ്രമിച്ചിട്ടുണ്ട്. എന്നാൽ നമുക്ക് ആ സന്ദേശം മനസ്സിൽ ഉൾക്കൊണ്ട് താഴെത്തട്ടിലെ ആളുകളുടെ ഇടയിലേയ്ക്ക് പോകണമെന്നു ണ്ടെങ്കിൽ വിജയിക്കുന്ന പദ്ധതികളായാലും പരാജയപ്പെടുന്ന പദ്ധതികളാ യാലും ഇത് ആവർത്തിച്ച് ആളുകളുടെ മനസ്സിലേയ്ക്ക് കൊണ്ടുപോകാൻ

കഴിയണം. വളരെ പരിമിതമായ സമയം മാത്രമുള്ളതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. വനം വകുപ്പിലെ കുറച്ച് ജീവനക്കാരുടെ സേവനം മാത്രം പ്രയോജനപ്പെടുത്തിക്കൊണ്ട്, വനം വകുപ്പുമായി ബന്ധപ്പെട്ട വനസംരക്ഷണ പ്രവർത്തനങ്ങളും വനപരിപാലന പ്രവർത്തനങ്ങളും വിജയിപ്പിക്കാൻ കഴിയില്ല. ഇതിന് പൊതുജനങ്ങളുടെ പങ്കാളിത്തം അനിവാര്യമാണ്. ഇക്കാര്യത്തിൽ നിർണ്ണായകമായ സംഭാവനകൾ നൽകുന്നവരാണ് വാച്ചർമാർ. വാച്ചർമാരുടെ പ്രവർത്തനം പലവേദികളിലും ക്വസ്റ്റ്യൻ അവറിലും, ഡിമാന്റിലും പല സന്ദർഭങ്ങളിലും ആവർത്തിച്ച് ചർച്ച ചെയ്യാറുണ്ടെങ്കിൽപ്പോലും അവരുടെ പ്രശ്നങ്ങൾക്ക് മാറിമാറി വരുന്ന ഗവൺമെന്റുകൾ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ല എന്നത് ദൗർഭാഗ്യകരമാണ്. ഈ അടുത്ത നാളിലും ഒരു വാച്ചർ വനത്തിനുള്ളിൽ മരണമടഞ്ഞു. ദിവസങ്ങൾക്ക് ശേഷം എന്താണെന്ന് തിരിച്ചറിയാൻ പോലും കഴിയാത്ത വിധത്തിലാണ് അദ്ദേഹത്തിന്റെ ശവശരീരം തിരിച്ചുകിട്ടിയത്. സ്വന്തം ജീവൻ പോലും പണയപ്പെടുത്തിക്കൊണ്ട് നമ്മുടെ രാജ്യത്തിനു വേണ്ടി, വരും തലമുറയ്ക്കു വേണ്ടി, ജനിക്കാനിരിക്കുന്ന സമൂഹത്തിനുവേണ്ടി സേവനം ചെയ്യുന്നവരെന്ന നിലയിൽ വാച്ചർമാരുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രത്യേക മീറ്റിംഗ് വിളിച്ചു കൂട്ടണം. ഇതുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കന്മാരുടേയും വാച്ചർമാരുടേയും ഒരു സംയുക്ത യോഗം വിളിച്ചു കൂട്ടുന്നതിന് അവർക്ക് നൽകിയിട്ടുള്ള ഉറപ്പുകൾ -

യൂണിഫോമും ഐഡന്റിറ്റി കാർഡും.... അങ്ങയുടെ മുമ്പിലിരുന്ന് വളരെ സൗമ്യമായി എല്ലാം ചെയ്യാമെന്ന് പറയുന്ന ഉദ്യോഗസ്ഥന്മാർ, റേഞ്ച് ഓഫീസന്മാർ, ഡി.എഫ്.ഒ.-മാർ അങ്ങ് മാറിക്കഴിയുമ്പോൾ വളരെ മോശമായ സമീപനം ഈ വാച്ചർമാരോട് എടുക്കുന്നു. അനുവദനീയമല്ല എങ്കിൽപ്പോലും അവരുടെ സർവ്വന്റായി വീട്ടുജോലിക്കു പോലും വാച്ചർമാരെ നിർത്തുന്നു എന്നത് പ്രത്യേകമായി പരിശോധിക്കപ്പെടേണ്ട വിഷയങ്ങളാണ്. ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിശോധിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രത്യേക മീറ്റിംഗ് വിളിച്ചു കൂട്ടണം എന്ന അഭ്യർത്ഥനയാണുള്ളത്. ഇവിടെ വനം കത്തിനശിച്ചതുമായി ബന്ധപ്പെട്ട കണക്കുകൾ അങ്ങയുടെ ഉദ്യോഗസ്ഥന്മാർ തന്നതിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭയിൽ അങ്ങ് മറുപടി പറഞ്ഞു. അത് ഒന്നു കൂടി പരിശോധിക്കണം എന്ന അഭിപ്രായമുണ്ട്. കൃത്രിമമായി വനപരിപാലനത്തിൽ വന്നിട്ടുള്ള വീഴ്ചമൂലം വനം കത്തി നശിച്ചിട്ടുണ്ടെങ്കിൽ അത്തരം ആളുകളുടെ പേരിൽ കർശനനടപടി എടുക്കുന്നതിന് അങ്ങ് ഉറച്ച സമീപനമെടുക്കണം. മറയൂരിൽ നടന്ന ചന്ദനമോഷണം, മുൻകാലങ്ങളിൽ ചന്ദനമോഷണം 0% ലേയ്ക്ക് വന്നിട്ട് വീണ്ടും ഒരു തുടർക്കഥയാകുന്നത് എന്തുകൊണ്ടാണെന്ന് പ്രത്യേകമായി പരിശോധിക്കണം. അതിനുവേണ്ടി സമയം കണ്ടെത്തി, അവിടെ നേരിട്ട് പോകാനും അതിനെക്കുറിച്ച് പഠിക്കാനും അങ്ങ് മനസ്സ് കാണിക്കണം. അങ്ങേയ്ക്ക് ഇൻഫർമേഷൻ തരുവാൻ കഴിയുന്ന മറ്റ് ആളുകൾ, നാട്ടുകാർ, സാമൂഹിക പ്രവർത്തകർ,

ഈ കാര്യങ്ങളോട് കമ്മിറ്റഡായി നിൽക്കുന്നവർ വേറെയുമുള്ളതുകൊണ്ട് നിർണ്ണായകമായ വിവരങ്ങൾ ലഭിക്കും. അങ്ങയുടെ സമീപനത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഫിഷിംഗ് മേഖലയിൽ ആദിവാസികൾ മീൻ പിടിക്കുന്നതുമായി ബന്ധപ്പെട്ട്, അങ്ങയെയും അതിനുശേഷം മുഖ്യമന്ത്രിയെയും ഞങ്ങൾ കണ്ടു. മുഖ്യമന്ത്രിയുടെയും അങ്ങയുടെയും സമീപനം കേട്ടപ്പോൾ സത്യത്തിൽ മനസ്സ് നിറഞ്ഞാണ് ഞാൻ പോയത്. ഈ ആദിവാസികളെ കൂട്ടികൊണ്ടുവരേണ്ട കാര്യമില്ല എന്നാണ് മുഖ്യമന്ത്രി പറഞ്ഞത് എം.എൽ.എ. പറഞ്ഞാൽ ഇവരുടെ പ്രശ്നത്തിൽ ഉടൻ ഉത്തരവിടും. സന്തോഷം കൊണ്ട് എന്റെ കണ്ണ് നിറഞ്ഞുപോയി. പക്ഷേ ആ ഉത്തരവ് ഇതുവരെ കിട്ടിയില്ല. ആ ഉത്തരവ് എവിടെയെന്നാണ് ആദിവാസികൾ ദിവസവും വിളിച്ച് ചോദിക്കുന്നത്? അതുകൊണ്ട് ഇനിയും എന്റെ കണ്ണ് നിറയ്ക്കരുത്. എനിക്ക് ആദിവാസികളുടെ മുമ്പിൽ പോയി ഉത്തരവ് ഇതുവരെ തന്നില്ല എന്നു പറഞ്ഞ് പൊട്ടിക്കരയാൻ യാതൊരു മനസ്സുമില്ല. വന്യമൃഗങ്ങളുടെ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടത്തി. കുമളിയിലുണ്ടായ ആക്രമണത്തിൽ 72 വയസ്സുള്ള ഗോപാലനെ കരടി പിടിച്ചു. അദ്ദേഹത്തെ മെഡിക്കൽ കോളേജിൽ കൊണ്ട് കിടത്തിയതിനുശേഷം ഒരു ഫോറസ്റ്റുകാരും അവിടെ തിരിഞ്ഞു നോക്കിയിട്ടില്ല. ഒരു മനുഷ്യൻ പോലും അങ്ങോട്ടു തിരിഞ്ഞു നോക്കുന്ന സാഹചര്യം ഉണ്ടായില്ല. കരടിയെ പിടിക്കരുത്, അതിനോടും വന്യമൃഗങ്ങളോടും സ്നേഹം വേണം എന്നൊക്കെ പറയുമ്പോഴും സ്വന്തം

ജീവനുനേരെ ഒരു ആക്രമണം ഉണ്ടായാൽ നമ്മുടെ മക്കളാരെങ്കിലും എന്തെങ്കിലും അതിക്രമം കാണിച്ചുപോയാൽ അവരെ കുറ്റം പറയാൻ കഴിയില്ല. രണ്ടു പുലിയെ പിടിച്ചു. പിടിച്ചതെങ്ങനെയാണെന്നും പിന്നീട് അതിനെ നഷ്ടപ്പെട്ടതെങ്ങനെയാണെന്നും ഒക്കെയുള്ള ചരിത്രം നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. പോലീസുകാർ തോക്കുമായി പുലിയുടെ പുറകെ വെടിവെയ്ക്കാൻ ഓടുന്നതും നമ്മൾ കണ്ടതാണ്. എല്ലാ ചാനലുകളിലും ലൈവായിട്ടായിരുന്നു കാണിച്ചത്. അങ്ങ് ചർച്ച ചെയ്യണം. ഇത്തരം ഒരു പ്രതിസന്ധി ഉണ്ടാകുമ്പോൾ പുലിയെ പിടിച്ച് കൂട്ടിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്ത് സമീപനമാണ് വനം വകുപ്പിന്റെ ഉദ്യോഗസ്ഥർക്ക് സ്വീകരിക്കാൻ കഴിയുക; അതോ പോലീസുകാർ തോക്കുമായി ഓടട്ടെയെന്നോ? 72 വയസ്സുള്ള ഗോപാലൻ ചേട്ടനെ ആക്രമിച്ച കരടി ഇപ്പോഴും അവിടെ കറങ്ങി നടക്കുകയാണ്. 2 റേഞ്ച് ഓഫീസർമാർ തമ്മിൽ തർക്കമാണ്. എരുമേലി റെയ്ഞ്ചാണോ? വള്ളക്കടവ് റെയ്ഞ്ചാണോ? എരുമേലി റെയ്ഞ്ചിലുമല്ല വള്ളക്കടവ് റെയ്ഞ്ചിലുമല്ല ഇതിന്റെ രണ്ടിന്റെയും ഇടയ്ക്കുള്ള വഴിയിലാണ് ഈ കരടി നിൽക്കുന്നത്. എരുമേലി റെയ്ഞ്ച് ഓഫീസർ പറയുന്നത് വള്ളക്കടവ് റെയ്ഞ്ച് ഓഫീസർ നടപടി സ്വീകരിക്കട്ടെ എന്നും വള്ളക്കടവ് റെയ്ഞ്ച് ഓഫീസർ പറയുന്നത് എരുമേലി റെയ്ഞ്ച് ഓഫീസർ നടപടി സ്വീകരിക്കട്ടെ എന്നുമാണ്. ഗോപാലൻ ചേട്ടന് ചികിത്സാ ധനസഹായം.....

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, ജനങ്ങളെ രക്ഷിക്കാൻ വേണ്ടി ഒരു ധീരൻ ചാടിക്കടന്ന് ജനങ്ങളെ ആക്രമിച്ച ഒരു പുലിയെ കീഴ്പ്പെടുത്തി. ജനങ്ങളെ രക്ഷിക്കാൻ വേണ്ടി പുലിയെ പിടിച്ച ആ ആൾക്കെതിരെയാണ് വനം വകുപ്പ് കേസെടുത്ത് റിമാന്റ് ചെയ്തത്. ഈ സമീപനം തന്നെ യാണോ ബഹുമാനപ്പെട്ട മന്ത്രി തുടരാൻ പോകുന്നത്, അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, വനം വകുപ്പുമന്ത്രി പറയു ന്നത് ഈ ഉദ്യോഗസ്ഥന്മാർ കേൾക്കുന്നില്ല എന്ന് മന്ത്രി മുമ്പും പറഞ്ഞിട്ടു ള്ളതാണ്. ഒരു പക്ഷേ ഇന്നും അതാവർത്തിച്ചേക്കാം. ഇത്തരം കാര്യങ്ങ ളിൽ ഒരു പ്രത്യേക പരിശീലന പരിപാടി ഉദ്യോഗസ്ഥർക്ക് കൊടുക്കുന്നതി നുള്ള ഒരു സമീപനമുണ്ടാകണം. ആനയുടെ കാര്യത്തിൽ അങ്ങേ യ്ക്കുള്ള ജാഗ്രത വളരെ പ്രസിദ്ധമാണ്. ആനയെ വളർത്തുന്നതിലും സംരക്ഷിക്കുന്നതിലും പരിചരണം കൊടുക്കുന്ന കാര്യത്തിലും മന്ത്രിക്ക് പ്രത്യേക ജാഗ്രതയുണ്ട്. മറ്റു വന്യമൃഗങ്ങളുടെ കാര്യത്തിലും ഇത്തരം ഒരു താല്പര്യമുണ്ടാകണം. ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.